No. 58.



# കുരിശുകൾ.



by. ജെറോം.

4ണ

2/94

# കുരിശുകൾ

I

മറിയാമ്മയുടെ മുഖം അന്നു പതിവിലധികം പ്രസന്നമായിരുന്നു.

"അന്നക്കുട്ടി"

അലക്കിത്തേച്ചമുണ്ടും ചട്ടയും, കുറെ പൌഡറിനങ്ങളും ആഭരണങ്ങളും എടുത്തുകൊണ്ട് അവൾ പുത്രിയെ സമീപിച്ചു.

"വേഗം ഈ മുണ്ടും ചട്ടയും എടുത്തുടുക്ക്."

ഊറിയ ഒരു പുഞ്ചിരിയോടുകൂടി മറിയാമ്മപറഞ്ഞു.

"അതെന്തിന്നാ?"

അന്നക്കുട്ടി ചോദിച്ചു.

"എന്തിനേലുമാകട്ടെ, ഞാനല്ലെ നിന്നോടു പറഞ്ഞെ?"

"അതേ എന്നാൽ ആ മുണ്ടും ചട്ടയും എന്തിനാണെന്നു പറ."

"എടീ, പിന്നെ ഒരു കാര്യം, പറഞ്ഞാക്കേട്ടില്ലേലൊണ്ടല്ലൊ!"

അയഞ്ഞ ഒരു ആജ്ഞാപ്രഭാവം മാതൃമുഖത്തു നിഴലിച്ചു.

"അമ്മേ, ഞാനുടുത്തിരിക്കുന്ന മുണ്ടും ചട്ടയും മുഷിഞ്ഞില്ലല്ലോ. പിന്നെന്തിനാ ഇതു മാറുന്നതു്?"

"എനിക്കുമേല നിന്നോടു പറയാൻ."

മറിയാമ്മ കുറേ കോപരസം കൈക്കൊണ്ടു. പാവം അന്നക്കുട്ടി നിശ്ശബ്ദയായി മാറിനിന്നു. അമ്മയുടെ നിർദ്ദാക്ഷിണ്യം കണ്ടപ്പോൾ അവളുടെ അകം വ്യാകുലപ്പെട്ടു. ആ വ്യാകുലത അവളുടെ മുഖകമലത്തിലേക്കു വ്യാപിച്ച് അവിടെ ഒരു മങ്ങൽ വ്യാപരിപ്പിച്ചു. അതു മനസിലാക്കിയ മറിയാമ്മയ്ക്കു മാതൃത്വത്തിന്റെ പതിനെട്ടടവുകളും കഴിവുകളും അറിയാമായിരുന്നു. അവൾ പൊട്ടിച്ചിരിച്ചു.

"എടീ വേഗം ആട്ടെ. ഇപ്പം വരുമെന്നേ, വരും നിന്നെക്കാണാൻ."

അന്നക്കുട്ടിക്കു സംഗതി മനസിലായി. അവളുടെ ഹൃദയത്തിൽ ഒരു കുളിർമ്മ!

കുറെ നേരം അങ്ങേതോ ഒരു ലോകത്തിലായിരുന്നു അന്നക്കുട്ടി. പിന്നെ അവൾ ചിന്തിച്ചപ്പോൾ ഒരു സന്നദ്ധതയും പ്രസന്നതയും കളിയാടുകയാണ്. കിഴക്കേ ചക്രവാളച്ചെരിവിലേക്ക് അവൾ കണ്ണയച്ചു. അഴകും ആരോഗ്യവും സമ്മേളിച്ച ഒരു സായുജ്യസിദ്ധി അവിടെ!

"അന്നക്കുട്ടീ വേഗം ഈ മുണ്ടൊക്കെ ഒന്നു മാറിക്കെ."

കർത്തവ്യനിർവ്വഹണത്തിനു മാതാവു മകളെ ഉൽബോധിപ്പിച്ചു. ആ ഉൽബോധനത്തിൽ ഉൾക്കൊണ്ടിരുന്ന ഭാവിയെ നിത്യതയുടെയും നിശ്ചയത്തിന്റെയും ചമൽക്കാരങ്ങളോടുകൂടി മാതാവിന്റെയും പുത്രിയുടെയും ഹൃദയങ്ങൾ പലവിധത്തിൽ ഭാവന ചെയ്തു. അതിൽ അനുഭാവമോ ആശംസയോ കലരാതെ, അരികിൽ നിന്ന ഒരു തൈമാവിന്റെ ശാഖകൾ ആർത്തുകൂവി.

ആവശ്യത്തിനുവേണ്ടിയും അല്ലാതെയും അഴകിനെ അമിതമായി ആഗ്രഹിക്കുന്ന സ്ത്രീത്വം, അതിനുതകുന്ന പൊടിക്കൈകൾ ഒന്നിനുമേൽ ഒന്നായും അതിനുമേൽ അധികമായും പ്രയോഗിക്കുന്നതിന്റെ നയകുശലതയ്ക്കു സാക്ഷിനിന്ന ചില മണിക്കൂറുകൾ അന്നക്കുട്ടിയുടെ കാലയളവിൽ നിന്നും നഷ്ടപ്പെട്ടു. അഴകിയരാവണതത്വത്തിൽ ആനന്ദതുന്ദിലയായ മകളെ കണ്ടപ്പോൾ മാതാവിന്റെ ഹൃദയനഭസ്സിൽ സന്തുഷ്ടിയുടെയും സംതൃപ്തിയുടെയും സൂര്യ ചന്ദ്രന്മാർ മാറി മാറി വാരൊളി വീശി.

അന്നക്കുട്ടിയുടെ വിചാരങ്ങൾക്കു തെന്നിപ്പായുവാൻ പഴുതുകൾ അനേകങ്ങളുണ്ടായിരുന്നു:

"എങ്ങനെയിരിക്കുമോ എന്തോ? നല്ല സൌന്ദര്യവും സമ്പത്തും ഇല്ലെങ്കിൽ—അല്ല,"

അവളുടെ ഹൃദയത്തിൽ ഒരു ചലനം.

"എന്തിനാണു സമ്പത്ത്? ഈ ലൌകിക സ്വത്തൊക്കെ നശ്വരമല്ലേ? ഇന്നുണ്ട്; നാളെയില്ല! ഇതാണു യാഥാത്ഥ്യം."

അവൾ പിന്നെയും ചിന്തിച്ചു:

"സമ്പത്ത്—അതു വെറും അത്ഥമില്ലായ്മമാത്രം!—അത്ഥത്തിൻെറ അത്ഥമില്ലായ്മ!

എൻെറ പാവനമായ ക്രിസ്തുമതത്തിൻെറ ആദശം തന്നെയാണ് ഇവിടെ എൻെറയും ആദശമായിരിക്കേണ്ടതു്. ആത്മാവു നശിച്ചാൽ—അതേ, മനുഷ്യൻ പിഴച്ചാൽ—ലോകം മുഴുവനും നേടി വെക്കുന്നതുപോലും നിഷ്ഫലമാണെന്നാണ്, തിരുസഭ പഠിപ്പിക്കുന്നതു്."

സൌന്ദര്യത്തിൻെറ കാര്യത്തിൽ അവൾക്ക് അധികം ആലോചിക്കുവാനുണ്ടായിരുന്നില്ല. വേണ്ടിടത്തോളം സൌന്ദര്യം തീർച്ചയായും ഉണ്ടായിരിക്കണം. അതിൽ യാതൊരു വിട്ടുവീഴ്ചകളും ചെയ്തുകൊടുക്കുവാൻ നിർവാഹമില്ല. എന്നിങ്ങനെ അവൾ സ്ഥാപിച്ചു.

പിന്നെയും പിന്നെയും അവൾക്കു ചിന്തിക്കുവാനുണ്ടായിരുന്നതു് സമ്പത്തിനെക്കുറിച്ചാണ്. ആ വിചാരാരംഭത്തിൽ തന്നെ ക്രിസ്തീയാദശങ്ങളിലേക്ക് അവൾ ചാഞ്ഞു. ഇംഗ്ലീഷ് സ്കൂളിലെ സഹോദരിമാരിൽനിന്നും അവൾ സമ്പാദിച്ചിട്ടുള്ള

വേദതത്വങ്ങൾ അവളുടെ ചിന്താപഥത്തിൽ എത്തുകയായി.

ക്രിസ്തീയതത്വങ്ങളിൽ പ്രവർത്തിച്ചപ്പോഴേക്കും അന്നക്കുട്ടിക്ക് ഒരു പശ്ചാത്താപം, ചെയ്യേണ്ടതില്ലായിരുന്ന ഒന്നു ചെയ്തുപോയെന്ന്. ചിന്തിക്കുംതോറും അവളുടെ പശ്ചാത്താപം പൂർവ്വാധികമായി!

കാഴ്ചക്കാർക്ക് ഉതപ്പുണ്ടാകത്തക്കവിധം അമിതാലങ്കാരങ്ങളിലും അനാവശ്യാഡംബരങ്ങളിലും വേഷസംവിധാനം ചെയ്തതു തെററായിപ്പോയി എന്നുതന്നെ അവൾ പരിപൂർണ്ണമായി വിശ്വസിച്ചു. ആ തെററിൽ നിന്നും ഉടനടി ഒഴിഞ്ഞുമാറേണ്ടതു തൻെറ കടമയാണെന്ന് അവൾക്കു ബോധ്യമായി. അവൾ തീരുമാനിച്ചു, അനാവശ്യമായ വസ്ത്രങ്ങൾ അഴിച്ചുവെക്കുവാൻ. അതിനായി കൈ ഉയർത്തിയപ്പോൾ അവളുടെ ദൃഷ്ടികൾ പതിഞ്ഞു, അവളുടെ മാതാവിൻെറ മുഖത്ത്. സന്തോഷത്തിൻെറയും നിസ്സന്ദേഹത്തിൻെറയും ഛായങ്ങൾ കൊണ്ടു മിന്നുന്ന ആ മുഖത്ത് അവിടെ പ്രതിഫലിച്ചിരുന്ന അഭ്രുതപൂർവ്വമായ ആനന്ദത്തിനു കാരണവും ക്ഷണം അവളുടെ ചിന്തയിൽ എത്തി. ആ ആനന്ദാനുഭൂതിയെ കെടുത്തുന്നതായിരിക്കും-മാതൃസന്തോഷത്തെ നിശിതസന്താപത്തിലേക്കു കലാശിപ്പിക്കുന്നതായിരിക്കും - കൊടും പാപം എന്നവൾക്കുതോന്നി. കുറെനേരം നിർന്നിമേഷയായി നി

ന്നു അവൾ. അതിനിടയിൽ അവളുടെ ചിന്തയിയിൽ ദൈവതിരുവചനം എത്തുപെട്ടു:

"നീ നിന്റെ മാതാപിതാക്കളെ അനുസരിക്കുക."

കൂടുതൽ ഔചിത്യപൂർവ്വമെന്നു കണ്ട ഒരു മാർഗ്ഗംസ്വീകരിക്കുന്നതിന് തന്നെ അവൾ തീരുമാനിച്ചു. കല്യാണക്കാർ വന്നിട്ടു പോയാലുടൻ കൂടുതൽ പകിട്ടുകളെ ഒക്കെ മായിച്ചുകളയാമെന്നു അവൾ ആശ്വാസം കണ്ടെത്തി. അല്ലെങ്കിൽ, അടക്കുവാൻ കഴിയാത്ത ഒരു ആശ്വാസമില്ലായ്മ ആയിരിക്കാം, സന്താപത്തിൽ വെന്തുരുകുന്ന മാതാവിനെ കാണുമ്പോൾ അവൾക്കുണ്ടാകാവുന്ന അനുഭവം!

II

ചെറിയാൻ ഇടക്കാരനോടുകൂടി അന്നക്കുട്ടിയുടെ ഭവനത്തിലെത്തി. മറിയാമ്മ ഇരിപ്പിടങ്ങൾ നീക്കിയിട്ടു. അവർ ഇരുന്നു.

അന്നക്കുട്ടി ചെറിയാന്റെ മുഖത്തു കണ്ണെറിഞ്ഞു, അയാളറിയാതെ അവൾക്കു പെട്ടെന്നു ചിരിവന്നു. അവൾ അകത്തേക്കോടി. മാതാവിനോടവൾ പറഞ്ഞു:

"അമ്മേ, എനിക്കൊരു സംശയം ആ പുള്ളിടെ——"

"പുള്ളീന്നു പറയാതെടീ"

മറിയാമ്മയുടെ മകൾ പ്രയോഗിച്ച ശൈലി രസിച്ചില്ല. എങ്കിലും അന്നക്കുട്ടി ചിരിച്ചുകൊണ്ടു തുടർന്നു:

"എന്റെ അമ്മെ, ഞാനൊന്നു പറയട്ടെ. എന്റെ സംശയം അമ്മ തീൎത്തുതരണം. ആ മുഖത്തെ മീശ വരമീശയാണോ മുറിമീശയാണോ?"

മകളെ ശാസിക്കണമെന്നുകരുതി മാതാവു ദേഷ്യം ഭാവിച്ചു. എങ്കിലും ആ സംശയത്തിന്റെ സാരസ്യം ഓൎത്ത് അവളുടെ ഹൃദയം പൊട്ടിച്ചിരിച്ചുപോയി. അവൾ മകളോടു പറഞ്ഞു:

"തമാശെടുക്കാതെ അങ്ങോട്ടു ചെല്ലടിപെണ്ണേ. ഒരു ബി. എ. ക്കാരനല്ലെ; വല്ലതും ചോദിക്കാനും പറയാനും ഒക്കെ കാണും."

"ഓ പിന്നെ എനിക്കു വയ്യാ."

അന്നക്കുട്ടിയുടെ യുവത്വം ലജ്ജകൊണ്ടു ഞെരുങ്ങി എങ്കിലും മറിയാമ്മയ്ക്കു കനിവുണ്ടായില്ല. ആവശ്യനിർവഹണത്തിൻമേൽ അവൾ നിഷ്ഠുരണം ആജ്ഞാപിച്ചു:

"എടീ അങ്ങോട്ടു ചെല്ലാൻ. പിന്നെ ഒരു കാര്യം, ചോദിക്കുന്നതിനൊക്കെ ഉത്തരം കിളി കിളി പോലെ പറഞ്ഞേക്കണം. അല്ലാതെ നാരാങ്ങം വിഴുങ്ങിയതുപോലെ നാണിച്ചോണ്ടു നിന്നാലൊണ്ടല്ലൊ! പിന്നെ നിന്റെ ആ മുട്ടാപ്പോക്കൊന്നും പറഞ്ഞു പിടിപ്പിക്കരുതു കേട്ടോ."

മാതൃനിർദ്ദേശങ്ങൾ ശ്രവിച്ചപ്പോൾ മകളുടെ മനസ്സിൽ മയമില്ലാത്ത ചില പരിഹാസ പല്ലവങ്ങൾ

പൊട്ടിത്തളിർക്കാതിരുന്നില്ല. എങ്കിലും അവയെ ഉടനുടൻ നുള്ളിക്കളയാതിരിക്കത്തക്ക ഹൃദയകാഠിന്യമോ ഹൃദയശൂന്യതയോ അവൾക്കില്ലായിരുന്നു.

സ്ത്രീസഹജമായ വിധത്തിൽ കുണുങ്ങി കുണുങ്ങി അന്നക്കുട്ടി ചെറിയാന്റെ മുമ്പിലേക്ക നീങ്ങി. അപ്പോഴും അവളുടെ അകം കുടുകുടെ ചിരിക്കുന്നുണ്ടായിരുന്നു.

സിഗററ്റിന്റെ പുക പുറത്തോട്ട രുട്ടിവിട്ടുകൊണ്ടും, പുഞ്ചിരിതൂകുന്നതുപോലെ മുഖം ചുളിക്കാൻ പണിപ്പെട്ടുകൊണ്ടും ചെറിയാൻ അന്നക്കുട്ടിയുടെനേർക്ക തിരിഞ്ഞു:

"യുവർ നെയിം പ്ലീസ്"

അന്തസ്സും അഭിജാത്യവും അറിവും നെറിവും അന്നക്കുട്ടിയുടെ മുമ്പിൽ പ്രകടിപ്പിക്കാനുള്ള അയാളുടെ ശ്രമമായി.

"എന്റെ പേര് അന്നക്കുട്ടി. എന്നാൽ മാതാവിനെയും മാതൃഭാഷയേയും നിന്ദിക്കരുത്." പരിഷ്ക്കാരത്തിന്റെ പതാകയുയർത്തിയ ആ യുവരസികനോട തോന്നിയ അവജ്ഞ അന്നക്കുട്ടി മറച്ചുപിടിച്ചില്ല. എന്നാൽ പൂർവ്വാധികം അന്തസ്സും ആഭിജാത്യവും അയാൾ അഭിനയിക്കുകയാണുണ്ടായത്. അയാൾ ചോദിച്ചു:

"വാട്ട് ഡൂ യൂ മീൻ ഡിയർ?"

"ഞാൻ പറഞ്ഞതു മാതൃഭാഷയെ സ്നേഹിക്കണമെന്ന മാത്രം."

"ഓ! ഐ സീ യൂ മീൻ ദാററ് ഐ മസ്റ്റ സ്പീക് ഇൻ മലയാളം."

"അതേ, മലയാളത്തിൽ സംസാരിക്കുന്നതാണു മലയാളികൾക്ക നല്ലതു്."

ചെറിയാൻ അന്നക്കുട്ടിയുടെ അഭിപ്രായത്തോട വിയോജിച്ചു.

"ദെൻ വാട്ട് ഈസ് ദി യൂസ് ഓഫ് സ്ററഡിയിംഗ് ഇംഗ്ലീഷ്?"

അതിനും അന്നക്കുട്ടിക്ക് ഉത്തരമുണ്ടായിരുന്നു.

"ഇംഗ്ലീഷ് പഠിക്കുന്നതു് ആവശ്യത്തിനു വേണ്ടി മാത്രം; ആഡംബരത്തിനും ആളുകളെ മിരട്ടുന്നതിനും അല്ല."

ചെറിയാൻെറ അഭിപ്രായവും അഭിമാനവും ഒരുപോലെ തലയൊടിഞ്ഞു. കത്തിത്തീരാറായ സിഗററു ദൂരെയെറിഞ്ഞിട്ട്, അയാൾ വേറൊന്നു വായിൽവെച്ചു കത്തിച്ചു. അടുത്തുനിന്ന അന്നക്കുട്ടിയും അകലെ നിന്ന മാമരവും ഒരുപോലെ സ്തംഭിക്കുകയാണു ചെയ്തതു്.

മറിയാമ്മ പരവശപ്പെട്ടുണ്ടാക്കിയ കാപ്പിയും പലഹാരങ്ങളും ചെറിയാൻെറ മുമ്പിൽ നിരന്നു. നാണിച്ചും മാനിച്ചും കുറെയൊക്കെ അയാൾ അകത്താക്കി.

"ഏതു ക്ലാസു വരെ പഠിച്ചു?"
അന്നാക്കുട്ടിയോട് അയാൾ ചോദിച്ചു.

"ഫിഫ്ത് ഫോം വരെ."

"ഒരു പുസ്തകം എടുത്തു വായിച്ചു ഞാനൊന്നു കേൾക്കട്ടെ"

അവൾ ഒന്നു സംശയിച്ചു, വായിക്കണമോ വേണ്ടയോ എന്ന്. അതു മറിയാമ്മയ്ക്കു പിടിച്ചില്ല. അവൾ കോപഭാവത്തിൽ മകളെ ആംഗ്യംകാണിച്ചു, വായിക്കുവാൻ. കുറെ സമയം ചിന്തിച്ചതിനുശേഷം ഒരു പുഞ്ചിരിയോടുകൂടി അന്നക്കുട്ടി ചിത്രോദയം ആഴ്ചപ്പതിപ്പെടുത്തു. നേരിയ സ്വരത്തിൽ അവൾ പാടിനീട്ടിത്തുടങ്ങി.

"വരമീശക്കാരനാം കൊച്ചുവക്കി---"

ചെറിയാൻ ഒന്നു ചുളിഞ്ഞുപോയി. അന്നക്കുട്ടി തന്നെ കുത്തുകയാണെന്ന് അയാൾ മനസ്സിലാക്കി. മറിയാമ്മയ്ക്കു് അതിൽ കുണ്ഠിതംതോന്നി. അവൾ സംശയിച്ചു, ചെറിയാൻ ഉടൻ ഇറങ്ങി പോകുമോ എന്ന്. എന്നാൽ അന്നക്കുട്ടിയുടെ അഴകുണ്ടോ അയാളെ അനുവദിക്കുന്നു, അവിടെ നിന്നും പെട്ടെന്നിറങ്ങി പോകുവാൻ! അയാൾ ഒരുപായം കണ്ടുപിടിച്ചു.

"ഒരു ഗദ്യഭാഗമെടുത്തു വായിക്കു."

ചെറിയാൻ അന്നക്കുട്ടിയോടുപറഞ്ഞു. അവൾ ഒരു ഭാഗം തേടിപ്പിടിച്ചു വായനതുടങ്ങി:

"ഗ്രെസ്സയിലും ഫാഷ്യനും-ഇന്നുണ്ടു ചില യുവാ

ക്കന്മാർ. അവരുടെ മാറാരോഗമാണു പര്യ
ഷ്കാരഭ്രമം. അതിന്റെ പ്രതിവിധിയായി രണ്ടൗ
ഷധങ്ങളേ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളു. അവ
യാണു സ്ത്രൈയിലുംഫാഷ്യനും."

ചെറിയാൻ കയറിപ്പറഞ്ഞു, ഒരു പുഞ്ചിരിയോടു കൂടി.

"അന്നക്കുട്ടീ, ഒന്നാലോചിച്ചുകൊള്ളട്ടെ. ഈ രോഗവും ഔഷധങ്ങളും ഒക്കെ യുവാക്കന്മാരെ മാത്രമേ ബാധിക്കുകയുള്ളോ?"

അന്നക്കുട്ടി നിർവിശങ്കം പ്രതിവചിച്ചു:

"അങ്ങനെയാണ് ഇതിൽ എഴുതിയിരിക്കുന്നത്."

"ആ ലേഖനം ആരുടേതാണ്? ഒരു സ്ത്രീയുടേതായിരിക്കും അല്ലേ?–യുവാക്കന്മാരെ ഇഷ്ടപ്പെടാത്ത ഒരു യുവതിയുടെ."

"എന്തോ. ഇതിൽ വാണക്കുററി എന്നാണു കാണുന്നതു്. ലിംഗം തിട്ടപ്പെടുത്താൻ തമ്പുരാനെ വിളിക്കണം."

ചെറിയാൻപൊട്ടിച്ചിരിച്ചു. അതിൽക്കൂടെ അയാൾ പ്രണയദൈന്യം തൊടുത്തയച്ചു.

"കൊള്ളാം. തരക്കേടില്ല."

"ആരു്? വാണക്കുററിയോ?"

"അതേ, എന്റെ അന്നക്കുട്ടി ഒരു വാണക്കുററിയാണെങ്കിൽ!"

അലരുകൾ അന്യോന്യം തലയടപ്പിച്ചു ചോദിക്കയാണ്; അന്നക്കുട്ടി ചെറിയാന്റെ ആരാണാവുന്നു. അളികൾ അതിനുമുണ്ടു;

"നിശ്ചയമില്ല."

### III

അന്നക്കുട്ടിയുടെ പിതാവായിരുന്നു കുഞ്ഞാക്കോ. അയാൾ മറിയാമ്മയെ അകമഴിഞ്ഞു സ്നേഹിച്ചു. എന്നാൽ പ്രേമലോലരായ ആ ദമ്പതികൾക്ക് ഒരു സന്താനം മാത്രമേ ലഭിച്ചുള്ളു– അന്നക്കുട്ടി. അവളുടെ മുഖകമലത്തിൽ അവർ ഭാവിയെയും അഖിലത്തെയും ദർശിച്ചു.,

ഒരു കച്ചേരി ക്ലേർക്കായിരുന്നു കുഞ്ഞാക്കോ കർത്തവ്യനിർവഹണത്തിലും കാര്യക്ഷമതയിലും അയാൾ പിന്നോക്കമായിരുന്നില്ല. ഇടപെടുന്നവരിൽനിന്നൊക്കെ എന്തെങ്കിലും ഈടാക്കുകയെന്നതായിരുന്നു അയാളുടെ ഒരു സ്വഭാവവിശേഷം. ശമ്പളത്തുക മാത്രമല്ല, കൈക്കൂലിപ്പണവും വളരെയധികം അയാൾക്കുകിട്ടി. കഴിവില്ലാത്തവരിൽനിന്നുപോലും കൈനിറയെ കൈക്കൂലികിട്ടിയില്ലെങ്കിൽ അയാൾ കണ്ണുതുറക്കുമായിരുന്നില്ല.

വളരെയധികം അയാൾ സമ്പാദിച്ചുകൂട്ടി; കുറെ പുരയിടങ്ങളും വാങ്ങി. അന്നക്കുട്ടിയുടെ ഭാവിഭാവുകത്തിനായി, എന്നയാൾ ഹൃദയത്തിൽ ഓരോരോ തവണയും ഉരുവിട്ടു.

മകളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കൾ പ്രത്യേകം നിഷ്കർഷ ചെലുത്തി. അവളെ ഇംഗ്ലീഷ് വിദ്യാഭ്യാസംകൂടെ ചെയ്യിക്കണമെന്നായിരുന്നു അവരുടെ നിശ്ചയം. വിദ്യാലയാധികൃതരുടെ സശ്രദ്ധ ശിക്ഷണയിൽ അന്നക്കുട്ടി മുന്നോട്ടുവന്നു. 'സഹോദരി'മാരിൽ നിന്നും സംസിദ്ധമായ ഒരു സ്വഭാവവൈശിഷ്ട്യം അവളിൽ നിഴലിച്ചു. ആ വൈശിഷ്ട്യം ദിനം ദിനം അവളിൽ കൂടുതൽ കൂടുതൽ പ്രകാശിതമായി. വാനോർഗണങ്ങൾ എന്നും അതുകണ്ടു പുഞ്ചിരിപൊഴിച്ചു.

കവിഞ്ഞധാരണാശക്തിയും തികഞ്ഞ വാഗ്മിത്വവുമാണ് അവളിൽ അദ്ധ്യാപകർക്ക് സംതൃപ്തി ജനിപ്പിച്ചത്. എന്തും ശ്രവണമാത്രയിൽ തന്നെ മനസ്സിലാക്കുകയും, മനസ്സിലാകാത്തതു ചോദിച്ചും ചിന്തിച്ചും മനസ്സിലാക്കുന്നതിനു ശ്രമിക്കുകയും, മനസ്സിലായതു മററുള്ളവരുടെ മുമ്പാകെ സ്വന്തരീതിയിൽ അവതരിപ്പിക്കുകയും ആ വിദ്യാർത്ഥിനി ചെയ്തു. സംശയം തോന്നുന്ന സംഗതികളെപ്പററി ഉടനടൻ ചോദിക്കുന്നതിനും, ആരുടെയും തെററുകൾ ഉടനടൻ തുറന്നുപറയുന്നതിനും, അവൾ അശേഷം മടിച്ചില്ല. ഈ അനിതരസാധാരണത്വം താന്തോന്നിത്തമായി മറിയാമ്മയ്ക്കു തോന്നി. അവൾ പലപ്പോഴും മകളെ വിളിച്ചു 'മുട്ടാപ്പോക്കുകാരി'എന്ന്. അന്നക്കുട്ടിക്ക് അതിനൊരു മറുപിടിയേ പറയാനുള്ളു.

"അമ്മേ, എന്തും കാണുന്നതുപോലെ തുറന്നു

പ്രസ്താവിക്കുവാനായിരുന്നില്ലെങ്കിൽ,നമ്മുടെ നാവിനെ ഇത്ര മൃദുവും മാംസളവും ആയിസ ർവ്വേശ്വരൻ സൃഷ്ടിക്കേണ്ടതില്ലായിരുന്നല്ലോ'"

പരിതസ്ഥിതികളെല്ലാം അന്നക്കുട്ടിയെ ഉൽ ബോധിപ്പിച്ചു, ലോകം സൗഖ്യസംപൂർണ്ണമെന്ന്. ആ ദ്യമൊക്കെ അതുപരമാത്ഥമായി അവൾക്കനുഭവ പ്പെട്ടു. ക്രിസ്തീയ നിണച്ചൊരിച്ചിലുകളുടെയും, വേദ സാക്ഷികളുടെയും സംഭവകഥകൾ അവൾ വായി ക്കുകയുണ്ടായി. അതോടുകൂടി അവളുടെ അനുഭവ ങ്ങൾ തലതിരിഞ്ഞു. ലോകം യഥാത്ഥത്തിൽ ദുഃഖ ഭൂയിഷ്ഠമെന്ന് അവൾ മനസ്സിലാക്കി. പിന്നെയും അവളുടെ പരിതസ്ഥിതികൾ ഉൽഘോഷിക്കുകയാ ണ് ലോകം ആനന്ദാനുഭൂതികൾക്കുള്ളതെന്ന്.

ആകസ്മികമായുണ്ടായ ഒരു രോഗം കുഞ്ഞാ ക്കോയുടെ ജീവനെ നിഷ്കരുണം കവർന്നു കന്നു. അമ്മയുംമകളും അകംപൊട്ടിക്കരഞ്ഞു; കര ഞ്ഞുകരഞ്ഞു കണ്ണുകൾ കലങ്ങി. ദുഃഖാബ്ധിയിൽ നിലയും പിടിയുമില്ലാതെ അവർ നെഞ്ചിലടിച്ചു. ആ കണ്ണീരൊഴുക്കലുകളും നെഞ്ചീലടികളും അന്ന ക്കുട്ടിയെ അനുസ്മരിപ്പിച്ചു, ലോകജീവിതത്തിൽ സ ന്തോഷത്തിൻെറ അംശം തിരെ തുഛമെന്ന് അ വൾ മനസ്സിലാക്കിയതിനെ. ലോകത്തെയും ലോക ജീവിതത്തെയും അവൾ കക്ക്ശമായി പഴിച്ചു; അ വയെ അവൾ കണ്ണുമടച്ചു ശപിച്ചു. ഉത്തരക്ഷണ

ത്തിൽ അവർ അനുതപിച്ചു, പഴിക്കുകയും ശപിക്കുകയും ചെയ്യുന്നതോർത്ത്. ദുഃഖങ്ങളും പീഡകളും ദൈവം അറിഞ്ഞുകൊണ്ടുതന്നെ ഉള്ളവയെന്നും, ദൈവത്തിൻെറയോ മററുള്ളവരുടെയോ നേരെ അതിൽ പരിപ്പിറുമ്മേണ്ടതില്ലെന്നും ഉള്ള ക്രിസ്തീയവേദതത്വങ്ങൾ അവർ അറിഞ്ഞിരുന്നു. ജോബിൻെറ കഥ അതിന് ഉപോൽബലകമായി അവർ അനുസ്മരിച്ചു.

ഭർത്താവിൻെറ മരണത്തിനുശേഷം മറിയാമ്മ തീരുമാനംചെയ്തു, മകളുടെ വിദ്യാഭ്യാസത്തിന് വിരാമമിടുവാൻ. അന്നക്കുട്ടിയും അതിനു വിസമ്മതിച്ചില്ല. അണിഞ്ഞൊരുങ്ങി വേഷംകെട്ടി വിദ്യാലയത്തിലേക്കു വിലസിപ്പോകുന്നതിൽ അവർ അത്രകാമ്യതയൊന്നും കണ്ടില്ല. വീട്ടുജോലികളിൽ മാതാവിനെ കഴിവതും സഹായിക്കുന്നതിൽ ഉപരി ഒരു കർത്തവ്യം തനിക്കില്ലെന്നാണ് അവർ മനസ്സിലാക്കിയത്.

മറിയാമ്മയുടെ വീട്ടിൽ അധികം ഭാരവാഹിത്വമോ ജോലിത്തിരക്കോ ഉണ്ടായിരുന്നില്ല. അതിനാൽ അന്നക്കുട്ടിക്കു വളരെയധികം വിശ്രമാവസരം ലഭിച്ചു. അപ്പോഴെല്ലാം അവർ പുസ്തകപാരായണത്തിലാണു മുഖ്യമായി ഏർപ്പെട്ടിരുന്നത്. അവർ ഉപയോഗിച്ച പുസ്തകങ്ങളിലധികവും വേദകഥകളായിരുന്നു.

ചെറിയാനും അന്നക്കുട്ടിയുമായുള്ള വിവാഹം ആഡംബരാന്വിതം ആഘോഷിക്കപ്പെട്ടു. മാതാവിൻെറ നിർബന്ധമാണ് വിവാഹത്തിന മകളുടെ പരിപൂർണ്ണ സമ്മതം കരസ്ഥമാക്കിയത്. ചെറിയാന സംശയം തോന്നി ആദ്യം, അത്ര വാഗ്മിയും ആശയഗംഭീരയും ആയ ഒരു യുവതിയെ വിവാഹം ചെയ്താലുള്ള അനുഭവങ്ങളെക്കറിച്ച്. എന്നാൽ അവളുടെ ആകാരസുഷമയിൽ അയാറ് അടിമുടി ആകൃഷ്ടനായിപ്പോയി. ആ സൗന്ദര്യദീപ്തിക്കമുമ്പിൽ അയാളുടെ കണ്ണുകറ് മഞ്ചുകയായിരുന്നു. അയാറ്ക്ക കഴിഞ്ഞില്ല കാരണങ്ങളവയെ കാണുവാൻ.

ദാമ്പത്യത്തിൻെറ ദാരുണതയെ ഓർത്തിട്ടു മാത്രമാണ് അന്നക്കുട്ടി ആദ്യം വിവാഹത്തോട് വെറുപ്പു പ്രകടിപ്പിച്ചത്. എന്നാൽ വിവാഹിതയായിക്കഴിഞ്ഞ വിനാഴികമുതൽ അവറ് ആ മനസ്ഥിതിയെ പാടേപരിത്യജിച്ചു. ഭർത്താവിൻെറ ന്യായമായ ഹിതങ്ങളിൽനിന്നും അണുവും വ്യതിചലിക്കാതെ അയാളെ സന്തോഷാശ്വാസങ്ങളുടെ കരങ്ങറ്കൊണ്ടു തലോടുവാൻ കടപ്പെട്ടവളാണു താൻ എന്നു അന്നക്കുട്ടിക്ക ബോധ്യംവന്നു. അതിനൊത്തു അവറ് പ്രവർത്തിക്കുകയും ചെയ്തു.

ചെറിയാൻെറ ഒരു ചെങ്ങാതിയുടെ വിവാഹം നടന്നത് രണ്ടുമാസത്തിനമുമ്പായിരുന്നു. അന്നുമുതൽ അയാറ് അകലെ ഒരു ഹോട്ടലിൽ ഭാര്യാസ

ഹിതം താമസിച്ച് മധുവിധു ആസ്വദിക്കുകയാണ്.
ചെറിയാൻ അന്നക്കുട്ടിയോടു ചോദിച്ചു.

"പ്രിയേ, നമുക്കു മധുവിധു ആസ്വദിക്കേണ്ടേ?"

"മധുവിധുവോ?"

അന്നക്കുട്ടി ഒന്നു മന്ദഹസിച്ചു.

"അതേ, മധുവിധു—ഹണിമൂൺ."

"അതിന്?"

"ദൂരെയൊരു ഹോട്ടലിൽപോയി മൂന്നുനാലു മാസം താമസിക്കണം."

"തനിച്ചോ?"

ചെറിയാൻ വാതുറന്നു ചിരിച്ചു.

"എൻെറ കഴുതെ, നീ കൊള്ളാം. നമ്മൾ രണ്ടു പേരുംകൂടെ പോയി സ്വൈരമായി ജീവിക്കണമെന്ന്."

"അതിവിടെ ആയാലും പോരേ?"

"ഇവിടെ ആയാൽ ഹണിമൂൺ ആകുമോ?"

"ആകും!"

ഭർത്താവു നിശ്ശബ്ദനായിനിന്നു, ഭാര്യ തുടർന്നു:

"ഇവിടെയും ഉണ്ടു, ആ സ്വൈരത. എൻെറ അമ്മ മാത്രമേ ഇവിടെഉള്ളു. പിന്നെന്തിനാണ് സ്വൈരത തേടി ദൂരെ പോകുന്നത്?"

"ദൂരെ പോയാലേ ഡീസൻറാകുകയുള്ളു."

"നമ്മുടെ ഹൃദയങ്ങളാണു ഡീസൻറായിരി

ക്കേണ്ടത്. എന്നാൽ നമ്മൾ ഡീസൻറാ
യിട്ട പെരുമാറുന്നുണ്ടെന്നു കൊട്ടിഘോഷിച്ച
കൊണ്ടു നടന്നാൽ നമ്മുടെ ഹൃദയങ്ങൾ ഡീ
സൻറായിരിക്കുകയില്ല."

ചെറിയാൻ ഒന്നു ചുളിഞ്ഞു. അയാൾ പറഞ്ഞു:

"പ്രേയസീ, നീ എൻെറ ഹിതത്തിനു വിപരീ
തമായി പെരുമാറുന്നത്– – –"

"അല്ല അല്ല."

അന്നക്കുട്ടി ഉൗർജ്ജസ്വലയായി തുടൎന്നു:

"ഞാൻ ഒരിക്കലും അങ്ങേക്കു വിപരീതമായ
ല്ല പെരുമാറുന്നത്. അങ്ങനെ ഞാൻ പെ
രുമാറുകയുമില്ല."

"പിന്നെ നീ ഇങ്ങനെയൊക്കെ – –"

ഭാര്യ കയറിപ്പറഞ്ഞു:

"അങ്ങ് എന്നെ തെററിദ്ധരിക്കുകയാണ്. എ
നിക്കും അങ്ങേക്കും എൻെറ മാതാവിനും
കൂടുതൽ ഗുണകരമായിട്ടുള്ളതു ഞാൻ പറ
ഞ്ഞതേ ഉള്ളു."

ചെറിയാൻ മൌനം അവലംബിച്ചു. അന്നക്കുട്ടി
വീണ്ടും പറഞ്ഞു:

"ഇവിടെത്തന്നെ നമുക്കു സസുഖം കഴിയാം.
അകലെ പോയി അലയേണ്ട ആവശ്യമില്ല"

അയാളുടെ നെററിത്തടത്തിൽനിന്നും രണ്ടു വിയൎപ്പ്
കണങ്ങൾ അടൎന്നു വീഴുകമാത്രമുണ്ടായി.

പലരോടും പറഞ്ഞിരുന്നു ചെറിയാൻ അയാളുടെ വിവാഹത്തെക്കുറിച്ച്. അവരെയൊക്കെ അയാൾ അറിയിക്കുകയുണ്ടായി ഭാര്യ അതി സുന്ദരിയാണെന്ന്. അവർ അർത്ഥഗർഭമായി മന്ദഹസിക്കുകയാണു ചെയ്തത്. അതിലും ആനന്ദിച്ച ചെറിയാൻ.

സായാഹ്നമടുക്കുമ്പോൾ അയാൾ ഭാര്യയെ ക്ഷണിക്കും സവാരിക്കിറങ്ങുവാൻ. അവളുടെ വേഷഭൂഷാദികളിൽ അയാൾ കൺകുളിർക്കെ നോക്കിനില്ക്കും. കുററവും കുറവും വന്നിട്ടുള്ളതു പറഞ്ഞുകൊടുത്തു പരിഹരിക്കും. ആകെക്കൂടെ ആകുമ്പോൾ അയാളുടെ അന്തരംഗം ഇതളുകളുതിക്കും.

പ്രേയസിയുമായി തെരുവീഥികളിൽ കൂടെ അയാൾ ഉലാത്തി. അസ്തഗിരിയുടെ മുകൾപ്പരപ്പിൽ നിന്നും അന്തിക്കതിരവൻ അവരുടെമേൽ കനകധൂളി വിതറി. അനേകം കൺകരിമീനങ്ങൾ അവരുടെ നേർക്ക് പാളി. ചെറിയാൻെറ ഹൃദയത്തിൽ ചാരിതാർത്ഥ്യത്തിൻെറ തെളിജലം ഊറി.

മൂന്നു നാലു ദിവസം അന്നക്കുട്ടി ഭർത്താവിനെ അനുഗമിച്ചു, സായാഹ്നസവാരിയിൽ. എന്നാൽ അന്ധമായ അഭിമാനവും അതിൽ മുററി മുററിനിൽക്കുന്ന അഹംകാരവുമാണ് ആ സായംകാലദിനചര്യക്കു കാരണങ്ങളെന്ന് അന്നക്കുട്ടി മനസിലാക്കിക്കഴിഞ്ഞു. ആയിരമായിരം യുവാക്കന്മാരുടെ ഹൃദയങ്ങളെ ആകർഷിച്ചുടപ്പിക്കയും, ആഗ്രഹപാ

പച്ചെളിയിൽ തള്ളിപ്പതിപ്പിക്കയും ചെയ്യുന്നതു മഹാ പാതകമാണെന്ന് അന്നക്കുട്ടിയുടെ സുശിക്ഷിതമായ മനസ്സാക്ഷി അവളെ ഉൽബോധിപ്പിച്ചു. കെട്ടിപ്പടുത്ത സൌന്ദര്യ സൌധത്തിൽ ഉയർന്നുള്ള സായാഹ്നസഞ്ചാരത്തെ അവൾ ആത്മാർത്ഥമായി വെറുത്തു. ഭർത്താവിൻെറ നേരെ അവൾ തിരിഞ്ഞു.

"എന്തിനാണു വെറുതെ കാര്യമൊന്നുമില്ലാതെ വേഷംകെട്ടി ഞാനുമെഴുന്നെള്ളുന്നതു്?"

അയാൾ മുഖം ചുളിയാതെ മറുപടിപറഞ്ഞു.

"ഞാൻ ദീപമാണെങ്കിൽ നീ പ്രകാശമാണു. ഞാൻ പൂവാണെങ്കിൽ നീ സൌരഭ്യമാണ്. ഞാൻ ശരീരമാണെങ്കിൽ നീ ജീവനാണ്. നീ എന്നോടുകൂടെ ഉണ്ടെങ്കിലെ ഞാൻ ഞാനാകുകയുള്ളു."

ഭർത്താവിൻെറ ആശയഗാംഭീര്യത്തിൽ വിസ്മയിക്കാതെ ഭാര്യ പ്രതിവചിച്ചു.

"ശരിയാണ് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഞാൻ ഇങ്ങനെ അണിഞ്ഞൊരുങ്ങി അന്യരെ മയക്കിച്ചലിപ്പിക്കുന്നതു് കഷ്ടവും നിന്ദ്യവും അല്ലേ? എത്ര യുവാക്കന്മാരുടെ ഹൃദയങ്ങളായിരിക്കാം ഉലയുന്നതു്?"

ചെറിയാൻ ഒരവജ്ഞാഭാവത്തിൽ പറഞ്ഞു:

"ഓ! നിൻെറ തത്വങ്ങളും വേദാന്തങ്ങളും ഒക്കെ പ്രസ്താവിക്കാതെ. കത്തോലിക്കർക്കു കുറെ ചത്തുചതഞ്ഞ തത്വങ്ങളുണ്ട്! അവ

യൊന്നും എനിക്കു കേൾക്കേണ്ടാ; നീ പ്രസ്താവിക്കുകയും വേണ്ടാ.

"ചത്തതോ ചതഞ്ഞതോ ആകട്ടെ. എന്റെ മനസ്സാക്ഷിക്കു തോന്നിയതു ഞാൻ പറഞ്ഞെന്നേ ഉള്ളൂ. അതുപോലെ ഞാൻ പ്രവർത്തിക്കുകയും ചെയ്യും."

ചെറിയാനു ദേഷ്യം വന്നു. അയാൾ അലറി:

"ഏതുപോലെ നീ പ്രവർത്തിക്കും?"

"എന്റെ മനസ്സാക്ഷിക്കൊത്തതുപോലെ അതേ, നമ്മുടെ സഭയുടെ സത്യസിദ്ധാന്തങ്ങളനുസരിച്ച്."

V

ചെറിയാൻ കുറെ നാളുകളായി അർദ്ധരാത്രിക്കുശേഷമേ വീട്ടിലെത്തുകയുള്ളൂ. അന്നക്കുട്ടി ഉണർന്നിരിക്കും ഭർത്താവു വരുന്നതുവരെയും. പാതിരാക്കോഴി കൂവിക്കഴിഞ്ഞാലും ഭർത്താവു വന്നില്ലെങ്കിൽ ഉറക്കം അവളുടെ കൺകോണുകളിലേക്കു എത്തിനോക്കുകപോലുമില്ല.

ഭർത്താവു വരുമ്പോൾ അവൾ വിനയവും ബഹുമാനവും കലർന്നു ചോദിക്കും.

"നാഥാ ഇത്രയധികം താമസിച്ചതെന്തേ?"

അയാൾ പരുഷമായി പറയുകയാണ്:

"നിനക്കെന്താ ഞാനിത്ര താമസിച്ചാൽ. എന്റെ കൂടെ നടക്കാൻ ഇഷ്ടമില്ലാത്തവ

ളുടെ കൂടെ ഇരിക്കാൻ എനിക്കും ഇഷ്ടമി ല്ലെടീ."

അന്നക്കുട്ടിയുടെ കണ്ണുകൾ നിറഞ്ഞു. അവയെ മേ ല്പോട്ടുയർത്തി അവൾ പറഞ്ഞു.

"ദൈവം അറിയട്ടെ, ഞാനിത്രനേരവും ആ രെ നോക്കിയാണു കണ്ണിമച്ചിരുന്നതെന്ന്."

"നിന്റെ ദൈവം!"

പെരുവിരൽ കൊണ്ടു മുറിമീശയിൽ തടവിയിട്ടു ചെറിയാൻ തുടർന്നു.

"എന്തു പറഞ്ഞാലും ഉണ്ടു നിനക്കൊരു ദൈവം! ആരുപറഞ്ഞെടീ ദൈവമുണ്ടെന്ന്?"

"ദൈവമേ! നിന്റെ മഹത്വത്തെ നീ വെ ളിപ്പെടുത്തേണമേ."

വിഷാദ നിമഗ്നയായി അവൾ നെടുവീർപ്പിട്ടു.

വിവാഹസ്മാരകമായി ഒരു മോതിരം അന്ന ക്കുട്ടി ഭർത്താവിനു സമ്മാനിച്ചിരുന്നു. അയാളുടെ വിരലിൽ അതു കാണാതെയായി. അവൾ ചോ ദിച്ചു.

"ഞാൻ എന്റെ ഓർമ്മയ്ക്കായി തന്ന മോ തിരം എവിടെ?"

അയാൾ മൂകനായി നിന്നു. അവൾ വീണ്ടും ചോ ദിച്ചു.

"പ്രിയാ, ആ മോതിരം എവിടെ?"

"നഷ്ടപ്പെട്ടു."

"എങ്ങനെ."

പിന്നെയും അയാൾക്കു മറുപടിയില്ലായിരുന്നു. ഗിരിശൃംഗങ്ങൾ പോലും ഓർത്തു, അന്നക്കുട്ടി കോപിക്കുമെന്ന്. എന്നാൽ അവൾ കൈയിൽനിന്നും ഒരു മോതിരമൂരി അയാളെ അണിയിക്കുക മാത്രമുണ്ടായി!

"എന്നെ പ്രതി ഇതു കളയാതെ സൂക്ഷിക്കണേ."

അവൾ പറഞ്ഞു.

ഒരാഴ്ച വേണ്ടിവന്നില്ല ആ മോതിരവും അപ്രത്യക്ഷമാകുവാൻ!

"ഇതെങ്കിലും നഷ്ടപ്പെടുത്തരുതേ!"

അങ്ങനെ അപേക്ഷിച്ചുകൊണ്ട് മൂന്നാമത്തും ഒരു മോതിരം അവൾ ഭർത്താവിൻെറ വിരലിൽ ഇട്ടു. അധികം താമസിയാതെ നാലാമത്തെ മോതിരവും ചെറിയാൻെറ വിരലിനെ അലങ്കരിച്ചു. അത്തവണ അന്നക്കുട്ടി പ്രത്യേകം പറഞ്ഞു.

"ഇൗ മോതിരവും അങ്ങു വേഗം നശിപ്പിക്കണം കേട്ടോ!"

വീണ്ടും അയാളുടെവിരൽ ശൂന്യമായി. അന്നക്കുട്ടി പിന്നെയും ഒരു മോതിരം ഊരിയെടുത്തു. അകലെക്കൂടെപോയ ഒരു ഭിക്ഷുവിനെ അവൾ അരികിൽ വിളിച്ചു. അയാളുടെ ശുഷ്കിച്ചവിരലിൽ ആ മോതിരം അണിഞ്ഞുകൊണ്ട് അന്നക്കുട്ടിപറഞ്ഞു:

"താൻ ഇതൊരിക്കലും നഷ്ടപ്പെടുത്തിക്കളയരുത്." പിന്നെ അന്നക്കുട്ടി അയാളെ കണ്ടപ്പോ

ഴൊക്കെയും ആ മോതിരം അയാളുടെ വിരലിൽ വിളങ്ങിയിരുന്നു.

"പ്രിയാ, പണം ദുർവ്യയം ചെയ്യരുതേ." അന്നക്കുട്ടി പലപ്പോഴും ഭർത്താവിനെ ഉപദേശിച്ചു. അതിനു മിക്കവാറും അവൾക്കുലഭിക്കുന്ന മറുപടിയും ഒന്നുതന്നെയായിരുന്നു.

"പണംപിന്നെ പൂപ്പിച്ചുകളയാനാണോ?"

"എന്നാലും ഇങ്ങനെ ധൂർത്തടിക്കാനാണെന്നുതോന്നുന്നില്ല."

അയാൾ കൈചുരുട്ടി അവളെപ്രഹരിച്ചു. അന്നക്കുട്ടിക്കുസങ്കടവും നിരാശയും തോന്നി. അവൾപറഞ്ഞു:

"അവിടുത്തെ ഇഷ്ടംപോലെ. 'പിതാവേ എന്റെ ഇഷ്ടമല്ലെങ്കിൽ അവിടുത്തെ ഇഷ്ടംപോലെ നിറവേറട്ടെ!' എന്നല്ലേ എന്റെകർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. എങ്കിലും ഒന്നു ഞാൻ അങ്ങോട്ടുപറയുന്നു: ഇതോർത്തു പിന്നൊരിക്കൽ പരിതപിക്കേണ്ടതായിവരും!"

"ഓ! പരിതപിക്കേണ്ടിവരുന്നു! എത്രആണുങ്ങളാപരിതപിക്കുന്നത്! കഴിഞ്ഞതോർത്തുകരയുന്ന കഥയും തലയും ഇല്ലാത്തപെണ്ണുങ്ങളെപോലെ!"

അന്നക്കുട്ടിയുടെ ചുടുനിശ്വാസം ഭർത്താവിനോ ഭർത്താവിന്റെ ആശയത്തിനോ ഇളക്കംവരുത്തിയില്ല.

ഒരു പുസ്തകം വായിച്ചുകൊണ്ട് കാത്തിരിക്കുകയായിരുന്നു അന്നക്കുട്ടി. വെളിയിൽ ആരോ ഭർത്താവിനോട് ഉറക്കെ സംസാരിക്കുന്നതു കേട്ട് അവർ ഇറങ്ങിച്ചെന്നു. അവിടെ ഒരു വാഗ്സമരമായിരുന്നു നടന്നിരുന്നത്. അറുപത്തിയെട്ടു രൂപാ പതിനാററചക്രത്തിന്റെ ഒരു കണക്കുമായി ചാരായഷാപ്പുകാരൻ എത്തിയിരിക്കയാണു്!

"എടോ, വേഗം രൂപാ താടോ. എനിക്കിവിടെ നോക്കിനില്ക്കാൻ നേരമില്ല."

"രൂപാ ഇന്നുതരാനില്ല."

"അറുപത്തിയെട്ടു രൂപാ പതിനാററ ചക്രം ഇപ്പോൾ ഇവിടെവെച്ചില്ലെങ്കിൽ തന്റെ പുരേം കോപ്പുംഎല്ലാം ഞാൻ ജപ്തിചെയ്യുകളയും!"

"എന്നാൽ താനങ്ങുചെന്നു ജപ്തിചെയ്യുക. അന്നേരംഅറിയാം ഇതൊക്കെ ആരുടേതാണെന്നു."

ചാരായഷാപ്പുകാരൻ കാര്യംമനസ്സിലാക്കി. സ്വത്തുക്കളൊക്കെ അന്നക്കുട്ടിയുടെ വകയാണെന്നറിഞ്ഞു് അയാൾ വിഷണ്ണനായി.

"താൻ ആ രൂപാ തരികയേലേ?"

"ഇല്ല; ഞാൻതരാൻ വിചാരിക്കുന്നില്ല."

ഷാപ്പുകാരൻ പിന്തിരിഞ്ഞു. അന്നക്കുട്ടി അയാളുടെപുറകേ ഓടിയെത്തി.

"തനിക്കെത്രരൂപായ ഇവിടെനിന്ന തരാന ള്ളതു്?"

"അറുപത്തിയെട്ടു രൂപാ പതിനാററചക്രം."

"ഇതാ തന്റെ രൂപാ."

അറുപത്തിയെട്ടു രൂപാ പതിനാററചക്രം അവറം അയാറംക്ക് എണ്ണിക്കൊടുത്തു.

## VI

അകാലമരണം മറിയാമ്മയെ എടുത്തുകൊണ്ടുപാഞ്ഞു! അഗാധമായ ദുഃഖാബ്ധിയുടെ അടിച്ചുയരുന്ന തിരമാലകറംക്കുള്ളിലായി അന്നക്കുട്ടി. അവളെ അവിടെനിന്നും കരേററവാൻ കൈകറം നീട്ടിയതു ദൈവചിന്തകറം മാത്രമായിരുന്നു.

പ്രകൃതിയും പ്രകൃതികത്താവും അവളുടെ ആലോചനാപഥത്തിൽ അണിനിരന്നു. ലൗകികയാഥാത്ഥ്യങ്ങറം അവറം ഒന്നൊന്നായി ദശിച്ചു. പ്രപഞ്ചത്തിന്റെ തനിനിറങ്ങറംക്കുനേരേ അവളുടെ അന്തർന്നേത്രങ്ങറം തുറക്കപ്പെട്ടു. മായയിൽ മയങ്ങുന്ന മനുഷ്യനും മയക്കത്തിൽ മായുന്ന മരണവും കൂട്ടിമുട്ടി. ഒന്നിണങ്ങുന്ന രംഗങ്ങളും അവയുടെ സംവിധാനങ്ങളും അവളിൽ വിസ്മയവും വിഷാദവുംജനിപ്പിച്ചു.

"ദുരിതപൂരിതമായലോകമേ!"

അവറം പുലമ്പി:

"നിന്നെയാണു ക്രിസ്ത്യാനികളായഞങ്ങറം യ

ഥാത്ഥത്തിൽ ഞങ്ങളുടെ കുരിശെന്നുപറയു ന്നത്. ലോകമേ, നീ അഭിമാനിക്കുന്നുണ്ടായി രിക്കാം എന്നെ നിയാണെതാങ്ങുന്നതെന്ന്. എന്നാൽ അതല്ലവാസ്തവം! നിന്നെ ഞാനാ ണ താങ്ങുന്നത്–കരിശേ, നിന്നെ ഞാനാണ ചുമക്കുന്നത്! ആകട്ടെ, നിന്നെഞാൻ അ ന്ത്യംവരെയും വഹിച്ചുകൊള്ളാം, എൻെറ നാഥനായ ക്രിസ്തുവിനെപ്പോലെ."

അന്നക്കുട്ടിയുടെ അധികംസമയവും പോക്കു വാൻ ഒരു മാർഗ്ഗംമാത്രമേയുള്ളു– പുസ്തകപാരായ ണം. ക്രിസ്തീയപുസ്തകങ്ങൾ വായിക്കുവാൻ അവ ൾക്കൊരു പ്രത്യേകതാല്പര്യമുണ്ട്. ക്രിസ്ത്യാനികളുടെ ഞെരുക്കങ്ങളുടെയും, ക്രിസ്തീയാത്മക്കളുടെ ഞെരു ക്കങ്ങളുടെയും വിവരങ്ങൾ വായിക്കുവാനാണ് അ വൾക്കു പ്രതിപത്തികൂടുതൽ ആ പീഡാനുഭവ ങ്ങൾ ധ്യാനിച്ചും, അവയിൽ ഖേദിച്ചും വളരെമ ണിക്കൂറുകൾ അനുദിനം അവൾ കഴിച്ചുകൂട്ടി.

ചെറിയാനു തീരെ രസമില്ല, ഭാര്യ വായിച്ചു കൊണ്ടിരിക്കുന്നതിൽ. പലതവണ അയാൾ അവ ളെശകാരിച്ചു. അയാൾ പറയും:

"കുത്തിപ്പിടിച്ചിരിക്കുന്നു! പൊത്തകം എട ത്തെറിഞ്ഞിട്ടു പോയിവല്ല ജോലിയുംനോ ക്ക്. അല്ലെങ്കിൽ പിത്തം പിടിക്കും."

"എങ്കിലും മനസ്സിനുപിത്തംപിടിക്കാതിരിക്കു

കയാണെങ്കിൽ എത്ര നല്ലതാ!"

ഭാര്യയുടെ വാക്കുകളിലെ ആശയം അയാൾക്കു മനസ്സിലായെന്നു തോന്നുന്നില്ല. മനസ്സിലായെങ്കിൽ തന്നെയും അതിനെ അയാൾ വിലമതിച്ചില്ല.

"നിന്നോടു പറഞ്ഞില്ലേ, എഴുന്നേററു പോയി
വല്ല ജോലിയും നോക്കാൻ!"

കോപംകൊണ്ടു വിറയ്ക്കുന്ന ഭാവം അയാൾ കാണിച്ചു. ആ പുസ്തകങ്ങൾ അയാൾ കാലുകൊണ്ടു തട്ടിയെറിഞ്ഞു. അന്നക്കുട്ടിക്കു കണക്കററ കുണ്ഠിതം തോന്നി. ഭർത്താവിന്റെ പ്രവൃത്തിയെ അവൾ പ്രതിഷേധിക്കുകയുണ്ടായില്ല. ഇത്രമാത്രം അവൾ പറഞ്ഞു:

"സഹനങ്ങളുടെയും സങ്കടങ്ങളുടെയും മാതൃ
കകളായ ഈ ക്രിസ്തീയകഥകൾ വായിച്ചു മന
സ്സിലാക്കിയിരിക്കുന്നതിനാലാണ് അങ്ങേയു
ടെ ഈ ഹൃദയഭേദകങ്ങളായ പ്രവൃത്തികളെ
യും ഞാൻ സഹിക്കുന്നത്!"

അവളുടെ നയനങ്ങളിൽനിന്നും അശ്രുക്കൾ അടരുന്നുണ്ടായിരുന്നു. അതുകണ്ടിട്ട് ചെറിയാൻ അലറുകയാണ്:

"നിന്റെ വേദജ്ഞാനമൊന്നും ഇങ്ങോട്ടിറ
ക്കേണ്ടെന്നു ഞാൻ പറഞ്ഞിട്ടില്ലേടീ!"

അന്നക്കുട്ടിയുടെ ചെഞ്ചുണ്ടുകൾ ചലിച്ചു:

"എന്റെ കുരിശേ! നിന്നെ ഞാൻ സസന്തോ
ഷം ചുമക്കുന്നു!"

അന്നക്കുട്ടി അവളുടെ ആഭരണപ്പെട്ടി തുറന്നു നോക്കി. അതിൽ ഒരു ചെറിയ മാലമാത്രമുണ്ടായിരുന്നു. മററാഭരണങ്ങൾ എങ്ങനെ നഷ്ടപ്പെട്ടുവെന്ന് അവൾ വിസ്മയിച്ചു. ഭർത്താവിൻെറ അറിവിൽപെടാതെ അവ നഷ്ടപ്പെട്ടുവാൻ ഇടയില്ലെന്ന് അവൾക്ക് ഉറച്ചവിശ്വാസമുണ്ടായിരുന്നു. അവൾ പറഞ്ഞു:

"നാഥാ എൻെറ ആഭരണങ്ങൾ കാണുന്നില്ലല്ലോ."

"ഞാനറിഞ്ഞോ? വല്ലകള്ളനും കൊണ്ടുപോയിരിക്കും!"

അയാൾ മുഖംവെട്ടിത്തിരിച്ചു.

"വല്ലകള്ളനുമോ? അതോ – – "

വിഷാദംകൊണ്ടു വരണ്ടതെങ്കിലും അവളുടെ അധരങ്ങൾ ഉതിന്നു, അയാൾ മറുപടി പറഞ്ഞില്ല.

"എന്നാൽ എൻെറ കള്ളൻ ഈ മാലകൂടെ എടുത്തുകൊള്ളൂ"

അവൾ സസ്മിതം മാല നീട്ടി. അയാൾ കൈയ്യിൽ വാങ്ങി: ആഭരണപ്പെട്ടി ശൂന്യമായികണ്ടപ്പോൾ അവളുടെ ഹൃദയവും ശൂന്യമായി. ആശൂന്യത അവളുടെ പൊട്ടിച്ചിരിയിൽ ശുഷ്കമായിട്ടെങ്കിലും നിഴലിച്ചു. എന്നാൽ ചെറിയാൻെറ അന്തരംഗത്തെ അല്പമായിപോലും അതു സ്പർശിച്ചില്ല.

എന്നോ എഴുതിയിട്ടുള്ള ഒരു കടലാസുമായി

ചെറിയാൻ അന്നക്കുട്ടിയെസമീപിച്ചു. വേഗം ഒരു പേനാ ഭാര്യയുടെകൈയിൽ അയാൾ കൊടുത്തു. ആ കടലാസിൻെറ ഒരരികുകാണിച്ചുകൊണ്ട് അയാൾ പറഞ്ഞു:

"അന്നക്കുട്ടി ഇവിടെഒരൊപ്പിടണം. ഒരു അത്യാവശ്യകാര്യത്തിനാ. താമസിക്കാൻ ഒട്ടും സമയമില്ല."

"ഒപ്പിടുന്നതിന് എനിക്കു യാതൊരുതടസ്സവുമില്ല. എങ്കിലും എന്തിനാണെന്ന് എന്നോടുപറയരുതോ?"

"പിന്നീടുപറയാം. ഇപ്പോൾ ഒട്ടുംനേരമില്ല വേഗംഒപ്പിട്."

"എൻെറ ഇഷ്ടമല്ലെങ്കിൽ അവിടുത്തെ ഇഷ്ടം പോലെ നിറവേറട്ടെ!"

ഒപ്പിട്ടതിനുശേഷം അവൾ പറഞ്ഞു:

"പ്രിയാ, ഇനിയെങ്കിലും മനസ്സുണ്ടെങ്കിൽ ഒന്നുപറയൂ.

കുറെനടന്നിട്ടു ചെറിയാൻ തിരിഞ്ഞുനിന്നു.

"ഇനി ഞാൻ മറച്ചുപിടിക്കുന്നില്ലെടീ. നീ കേട്ടോളൂ. ഞാൻ വായിക്കാം."

അയാൾ വായിച്ചു. അന്നക്കുട്ടിയുടെ വകയായുണ്ടായിരുന്ന ഒരു പറമ്പ് സ്വമനസ്സാലെ ചെറിയാന് എഴുതിക്കൊടുത്തതായുള്ള ഒരുടമ്പടിയായിരുന്നു അത്. വിജയഭാവത്തിൽ അയാൾ സ്ഥലം വിട്ടു.

അന്നക്കുട്ടി വേറൊരു കടലാസെഴുത്തു. ഭർത്താ

വിൻെറ ഉടമസ്ഥതയിലായ പുരയിടത്തിനടുത്തുണ്ടാ യിരുന്ന അവളുടെ വേറൊരു പുരയിടം ഭർത്താവിന്ന വിട്ടുകൊടുത്തതായി മുൻരീതിയിൽ എഴുതി, അവറ ഒപ്പിട്ടു. ചെറിയാൻ അന്നുരാത്രിയിൽ വന്നപ്പോറ ആ ഉടമ്പടി അയാറക്കുകൊടുത്തിട്ട്, അവറ പറഞ്ഞു:

"ഇതെൻെറ ഒരു എളിയ സമ്മാനമാണ്."

കള്ളഷാപ്പിൽ നിന്നും ചെറിയാൻ തിരിച്ചെ ത്തും. ആ ബോധശൂന്യൻ ഭായ്യയുടെ പുറത്തു പ്രഹ രങ്ങറ ചാത്തും!

"ഹാ! എൻെറകുരിശുകറ!---എൻെറനെ ടിയകുരിശുകറ!!"

അവറ വിലപിച്ചു.

## V11

വിവാഹാനന്തരം വത്സരം ഒന്നുനീങ്ങിക്കഴി ഞ്ഞതേയുള്ളു. അന്നക്കുട്ടി പൂണ്ണഗഭിണിയായി. അവ ളുടെശരീരത്തിൽ വരട്ടുചൊറിയുടെ ഉപദ്രവമാരം ഭിച്ചു. ഉദരത്തിലെ ശിശുവിനെ അവറ സാന ന്ദം തലോടി. അവളിൽമൊട്ടിട്ട മാതൃത്വത്തിൻെറ മാധുയ്യം അവളുടെകൈത്തലങ്ങളെ രോമാഞ്ചക ഞ്ചുകമണിയിച്ചു. ആ പൊന്നോമനക്കുഞ്ഞിനെക്കു റിച്ച് ദിഗന്തങ്ങളിലേക്കും അതിനപ്പുറത്തേക്കും നീണ്ടുനീണ്ടുപോയി അവളുടെചിന്തകറ.

മാതൃത്വത്തിൻെറ മാഹാത്മ്യവും അതുതന്നി ൽചുമത്തുവാൻപോകുന്ന ഭാരവാഹിത്വവും അന്ന

ക്കുട്ടി ആലോചിച്ചു. അവർ തെല്ലൊന്നുകുലുങ്ങി. ആ കുലുക്കം അവളുടെഹൃദയംകലക്കി. അന്നവു അവർ ആശ്വാസമുണ്ടായില്ല ഭർത്താവിന്റെ സാന്നിദ്ധ്യത്തിന് അനവരതം അവർ കൊതിച്ചു. എന്നാൽ വല്ലപ്പോഴും ഒരിക്കൽ മുപ്പതോ നാല്പതോ മിനിട്ടുകൾ മാത്രമാണ് അയാൾ അവിടെ കഴിച്ചുകൂട്ടിയതു! ആ സമയം മുഴുവനും അവർക്കു കേൾക്കേണ്ടിവന്നതു അയാളുടെ പരുപരുത്ത വാക്കുകളും!

ഭർത്തൃകരം പിടിച്ചു മാറത്തുചേർത്തുകൊണ്ടു് അന്നക്കുട്ടി യാചിച്ചു:

"എന്റെ ഉദരത്തിൽകിടക്കുന്ന അരുങ്ങശിശുവിനെ ഓർത്തെങ്കിലും എന്റെ അരികിൽ അങ്ങുന്നു കുറേനേരം ഇരിക്കുകില്ലേ?"

അയാൾ മറുപടിപറയാതെ ഒരു ക്രൂരതയോടെ നടന്നകന്നു.

"പ്രിയാ, അവിടുത്തെ കുഞ്ഞ് — —ദൈവം അവിടുത്തേക്കുതന്ന പൊന്നോമനക്കുഞ്ഞു — അതിനെ ഓർത്തെങ്കിലും!"

അവർ പ്രലപിച്ചു. അയാൾ കള്ളുഷാപ്പിലെത്തിക്കഴിഞ്ഞു.

തന്റെ പേരിലായ രണ്ടുപുരയിടങ്ങളിൽ ഒന്നു ചെറിയാൻ മറ്റൊരാൾക്കുവിററു. ലഭിച്ചപണം രണ്ടുമൂന്നുമാസം പൊടിയടിച്ചുനടക്കുന്നതിനു മാത്രം മതിയായിരുന്നു.

സംഗതികളെല്ലാം അന്നക്കുട്ടി അതേവിധം അറിഞ്ഞു. പിടയുന്ന ആത്മാവിനെ നിയന്ത്രിക്കുവാൻ പണിപ്പെട്ടുകൊണ്ട് അവൾ കരുടമ്പടിക്രുടെ എഴുതി ഭർത്താവിനെ ഏല്പിച്ചു. അങ്ങനെ മൂന്നാമതൊരുപുരയിടത്തിൻകൂടെ ചെറിയാൻ ഉടമസ്ഥനായി.

പ്രസവത്തോടുകൂടെ അന്നക്കുട്ടി രോഗശയ്യയെ അവലംബിച്ചു. ചൊറിയും ചിരങ്ങും ആ പുതിയമതാവിനെ വല്ലാതെ പീഡിപ്പിച്ചു. ഒരു കുരിശുരൂപത്തിൻമുൻപിൽനിന്നു കൈയുയർത്തി അവൾ വിലപിച്ചു:

"ഏററം പ്രിയപ്പെട്ടകുരിശേ!"

അവളുടെ നേത്രങ്ങൾ അശ്രുവർഷം തുടങ്ങി. കുറേനേരം അവൾ അധോമുഖിയായിനിന്നു.

"എൻെറ കുരിശുകൾ അനേകങ്ങൾ! അവയൊക്കെ വഹിക്കുവാൻ ദൈവമേ എന്നെ നീ ശക്തയാക്കേണമേ!"

രോഗിണിയായ ഭാര്യയെ കാണുവാൻ ചെറിയാൻെറ വരവു വളരെ വിരളമായി. അധികസമയവും അയാൾ മദ്യഷാപ്പുകളിലും മററുപോലുള്ളിടങ്ങളിലും ചെലവാക്കി.

അന്നക്കുട്ടിയുടെ ഒരു കത്ത് അയാൾക്കു ലഭിച്ചു. അതിൽ എഴുതിയിരുന്നു:

"ജീവിതേശ്വരാ, അങ്ങേടെരോഗിണിയും ആശ്ര

ഹീനയും ആയ സഹധർമ്മിണി അങ്ങയോട്
അപേക്ഷിക്കുന്നു, അങ്ങേക്കാകുന്നപൂർണ്ണശ്രദ്ധ
വിനൊരിത്തിട്ടെങ്കിലും—ഒരുകണ്ണുകാണുന്ന
തിനെങ്കിലും—ഇവിടെയൊന്നു വരണമേ
യെന്നു്!"

അയാൾ ആ കത്തുവലിച്ചുകീറികാററത്തുപറപ്പിച്ചു

അന്നക്കുട്ടിയുടെ കുഞ്ഞുമകൾക്കും മാതൃരോഗങ്ങൾ പകന്നു. മരണത്തിന്റെ എരിതീയിൽ അതുപൊരിഞ്ഞു. ഒരുതുള്ളി കണ്ണീരെങ്കിലും ചെരിയാൻ പൊഴിച്ചുകാണുവാൻ കഴിഞ്ഞിരുന്നെങ്കിൽ. അന്നക്കുട്ടി ആശ്വസിക്കുമായിരുന്നു

കുഞ്ഞിന്റെ മരണത്തിനുശേഷവും തള്ളയുടെ രോഗം ആശ്വാസത്തിലേക്ക പാഞ്ഞില്ല. എന്നാൽ അവൾ പരാതിയോ പരിഭവമോ പറയുകയല്ല ചെയ്തതു്.

"ഹാ, എന്റെ കുരിശുകൾ!"

അത്രമാത്രം അവളുടെ അധരങ്ങൾ അനങ്ങി.

അന്നക്കുട്ടിയുടെ ദിനം അനുദിനം അപകടനിലയിലേക്ക തെന്നിനീങ്ങിക്കൊണ്ടിരുന്നു. വൈദ്യന്മാർ തീർത്തും നിരാശരായി അവളുടെ കാര്യത്തിൽ.

അന്നക്കുട്ടി എഴുന്നേററിരുന്നു തന്റെ സകലസമ്പത്തുകളും ചെറിയാനു വിട്ടുകൊടുത്തിരിക്കുന്നതായി ഉടമ്പടിഎഴുതി. സന്തോഷവും സന്താപ

വുംകലന്റ് അവൾ കുറിച്ചുവെച്ചു:

“ഏററമേററം പ്രിയപ്പെട്ട ജീവനായകാ! എന്റെകുരിശുകൾ ഇവിടംവരെയും ഞാൻ സന്തോഷം ചുമന്നു. ഇനിയും അധികദൂരം ചുമക്കേണ്ടതായി വരുമെന്നു തോന്നുന്നില്ല.

പ്രാണനായകാ, എന്നെ മറക്കരുതേ—കർത്താവിനെപ്രതി എന്നെമറക്കരുതേ!”

അവളുടെ ആവശ്യപ്രകാരം വൈദികൻ അടുത്തെത്തി. കുർബാനസ്വീകരണത്തിനുശേഷം അവൾ പറഞ്ഞു:

“അച്ചാ, എന്റെകുരിശുകൾ ഞാൻവഹിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി അതിനുള്ള പൊൻമുടി ചൂടുന്നതിനു പോകുകയാണ്. വേഗം എനിക്കന്ത്യകൂദാശകൾ തരൂ”

തങ്കക്കുരിശുകൾ ആകാശത്തിൽ നിരക്കുന്നതുപോലെ അവൾക്കു തോന്നി.

# വായിക്കുക!

"കുസുമങ്ങൾ"

| | | | | |
|---|---|---|---|---|
| No 1 | മാർപ്പാപ്പാ [illegible] | 0 | 2 | 0 |
| ,, 2 | ഇതാണ് [illegible] | 0 | 2 | 0 |
| ,, 3 | പാരമ്പര്യസ്തവം | 0 | 1 | 0 |
| ,, 4 | തിരുസ്സഭ | 0 | 1 | 0 |
| ,, 5 | ഫാദർ ഡേമിയൻ | 0 | 1 | 0 |
| ,, 6 | ആദിമാതാപിതാക്കന്മാർ | 0 | 2 | 0 |
| ,, 7 | ക്രിസ്തുവിൻെറ പടയാളികൾ | 0 | 1 | 0 |
| ,, 8 | സത്യമായ മതം | 0 | 3 | 0 |
| ,, 9 | ക്രിസ്തു ഇന്നും | 0 | 3 | 0 |
| ,, 10 | യൗവന ചൈതന്യം | 0 | 2 | 0 |
| ,, 11 | നമ്മുടെ കുടുംബം | 0 | 2 | 0 |
| ,, 12 | വ്യാവസായിക സൗഹാർദ്ദം | 0 | 2 | 0 |
| ,, 13 | ഇതാണോ കുർബാന? | 0 | 2 | 0 |
| ,, 14 | പ്രശ്നങ്ങൾ | 0 | 4 | 0 |
| ,, 15 | ഇതോ വായിക്കുന്നതു്? | 0 | 2 | 0 |
| ,, 16 | ഭാരതത്തിലെ കത്തോലിക്കാസഭ | 0 | 1 | 6 |
| ,, 17 | പ്രചോദനം | 0 | 2 | 0 |
| ,, 18 | പുരോഗമനം | 0 | 2 | 0 |
| ,, 19 | ഉഷിച്ച കഥകൾ | 0 | 2 | 0 |
| ,, 20 | വൈദികമൻെറപണപ്പിരിവ് | 0 | 2 | 6 |

H IV
14.

No. 58.

# കുരിശുകൾ.





by.
ജെറോം.

4ണ

Indic Digital Archive Foundation
gpura.org